# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :687 — 28/02/2018 ൽ മറുപടിയ്ക്ക്

### വനം വകുപ്പ് പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.പി.കെ. ശശി

**ഉത്തരം**

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ) | സാമൂഹ്യ വനവൽക്കരണം , ഹരിത കേരളം എന്നീ പദ്ധതികൾ വഴി വനം വകുപ്പ് കഴിഞ്ഞ അഞ്ചു വർഷമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും ഓരോ വർഷവും ഇവയ്ക്കായി ചെലവാക്കിയ തുക എത്രയെന്നും ഉള്ള വിശദാംശം ലഭ്യമാക്കുമോ; | എ) | സാമൂഹ്യ വനവൽക്കരണം, ഹരിത കേരളം എന്നീ പദ്ധതികൾ വഴി വനം വകുപ്പ് കഴിഞ്ഞ അഞ്ചു വർഷമായി വിവിധ ഇനത്തിലുള്ള വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, മത - സാമൂഹിക സംഘടനകൾ തുടങ്ങിയ വ മുഖാന്തിരം വിതരണം നടത്തിവരുന്നുണ്ട്. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 - ന് വർഷം തോറും സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ സംഘടനകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ പാതയോരങ്ങൾ, പുഴയോരങ്ങൾ, കടൽത്തീരം, കനാൽബാങ്ക്, പൊതുസ്ഥാപനങ്ങളുടെ സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുവരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാവുകളുടെ സംരക്ഷണത്തിനും വേണ്ടി ധനസഹായം നൽകിവരുന്നു. ഇതിനു പുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ളാസുകളും ക്യാമ്പുകളും നടത്തി വരുന്നുണ്ട്. നദീ തീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, വഴിയോര തണൽ പദ്ധതി ഇൻസ്റ്റിറ്റ്യൂഷണൽ പ്ളാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്ത് ഇനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം, വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, അർബൻ ഫോറസ്ട്രി, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ളബ്ബുകൾ രൂപീകരിക്കുന്നതിനുള്ള സഹായം, പരിസ്ഥിതി ബോധവൽക്കരണ ക്ളാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു. |

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി

ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു.

| വർഷം | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2013 - 2014 | 843.073 |
| 2014 - 2015 | 940.487 |
| 2015 - 2016 | 864.168 |
| 2016 - 2017 | 1017.228 |
| 2017 - 2018 | 779.27 |
| **ആകെ** | **4444.226** |

| | |
|---|---|
| ബി) ഇതിന്റെ ഭാഗമായി എന്റെ മരം, നമ്മുടെ മരം, തൈകളുടെ വിതരണം, വൃക്ഷത്തൈ ഉൽപ്പാദനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വിതരണവും, യൂത്ത് ക്ലബ്ബുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വഴിയോരത്തണൽ പദ്ധതി, വന്യജീവി സംരക്ഷണത്തിനായുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്റ്റ് ടൈഗർ, പ്രോജക്റ്റ് എലിഫന്റ് തുടങ്ങി ജൈവ വൈവിധ്യ സംരക്ഷണം ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും ചെലവാക്കിയ സർക്കാർ ഫണ്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ? | ബി) ഈ സർക്കാർ കാലയളവിൽ എന്റെ മരം, നമ്മുടെ മരം, തൈകളുടെ വിതരണം, വൃക്ഷത്തൈ ഉൽപാദനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വിതരണവും, യൂത്തു ക്ലബ്ബുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വഴിയോരത്തണൽ പദ്ധതി, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയ്ക്ക് ചെലവാക്കിയ സർക്കാർ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016 - 2017 | 966.50 |
| 2017 - 2018 | 790.26 |
| **ആകെ** | **1756.76** |

സെക്ഷൻ ഓഫീസർ